# പദ്യമഞ്ജരി.

Digitized By Kerala Sahitya Akademi

# പദ്യമഞ്ജരി.

## ഒന്നാം ഭാഗം.

പരിഷ്കരിച്ച പതിപ്പ്.

(ഫോറം)

---

പ്രസാധകൻ,

**ഉള്ളൂർ. എസ്സ്. പരമേശ്വരയ്യർ**

എം. ഏ., ബി. എൽ., എം. ആർ., ഏ. എസ്.

---

പ്രകാശകൻ,

ആർ. ററി. പിള്ള,

ചാല, തിരുവനന്തപുരം

൫-ാംപതിപ്പ കാപ്പി ൨൦൦൦.

പകർപ്പവകാശം പ്രസാധകനിൽ

പി. വി. പ്രസ്സ് (ബ്രാഞ്ച്) തിരുവനന്തപുരം.

൧൧൦൯.

---

ഗ്രന്ഥകർത്താവിന്റെ അടയാളമില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

# വിഷയ സൂചി.

൧. ഈശ്വരപ്രാൎത്ഥന.

൨. തെങ്ങ്.

൩. ഒരു കുട്ടിയും പ്രാവും.

൪. നീതിവാക്യം.

കണ്ണിപ്പറമ്പത്തു അങ്ങാടി.

൫. പശു.

൬. അമ്പിളിയമ്മാവൻ.

൭. ദുൎമ്മോഹം.

കുഞ്ചൻനമ്പിയാർ.

൮. താരാട്ട്.

൯. നായ്.

൧൦. മാപ്പ്.

൧൧. അമ്മയും മകനും.

൧൨. പൊന്നുതമ്പുരാൻ.

Digitized By Kerala Sahitya Akademi

# പദ്യമഞ്ജരി.

## ഒന്നാംഭാഗം.

### ൧. ഈശ്വരപ്രാർത്ഥന.

ദൈവമേ! പകലും രാവും
കൈവണങ്ങുന്നു നിന്നെ ഞാൻ
പാവമാകുമെനിക്കെന്നും
കാവലായ് നിൽക്കണേ വിഭോ!
ആലംബമാരുമില്ലാത്ത
ബാലൻ ഞാൻ കരുണാനിധേ!
മാലകററിയെന്നെത്തന്നെ-
പ്പാലനം ചെയ്യണേ വിഭോ!
ഭയമേകുന്നൊരിദ്ദുർഘ-
മയമാം ലോകയാത്രയിൽ
ജയം ഞാൻ നേടുവാൻ തെല്ലു
ഭയമുണ്ടാകണോ വിഭോ!
നേരത്തേ ഞാനുണരണം
നേരത്തിൻവിലയോർക്കണം
നേരററംവരെ നിൽക്കണം
നേരററ നില നേടണം.
ജയിച്ചാലും ജഗന്നാഥ!
ജയിച്ചാലും ദയാനിധേ!
ജയിച്ചാലും ദേവദേവ!
ജയിച്ചാലും മഹാപ്രഭോ!

Digitized By Kerala Sahitya Akademi

## ൨. തെങ്ങ്.

കാററത്തിളകും മടലുകളും
കായ്ച്ചുതഴയ്ക്കും കുലകളുമായ്
നമ്മുടെ തോട്ടത്തിൽ നിന്നിടുന്നു
നല്ലോരു തെങ്ങുകളൊട്ടനേകം.

പാരിന്നഴകും നിഴലുമേകി-
പ്പാരമിത്തെങ്ങു വിളങ്ങിടുന്നു
തന്നുടമസ്ഥനുവേണ്ടിയെല്ലാം
തൻതലമേൽത്താങ്ങി നിന്നിടുന്നു!

അച്ഛനുമമ്മയും ബാല്യകാല-
ത്തല്പം ജലമിതിന്നേകിയാലും;
ആ നന്ദിയുള്ളമരമവർക്കിപ്പോ-
ളാശിച്ചതൊക്കെയും നൽകിടുന്നു.

പാൽച്ചോറുതന്നവർ കൊച്ചുനാളിൽ
പാരാതെയെന്നെയും പോററിടുന്നു
ദൈവമേ ഞാനും കടശ്ശിയിലി-
ത്തെങ്ങുകൾക്കൊപ്പമായ് തീരണമേ!

Digitized By Kerala Sahitya Akademi

# ൩. ഒരു കുട്ടിയും പ്രാവും.

കുട്ടി—പ്രാവേ! പ്രാവേ! പോകരുതേ!
വാവാ കൂട്ടിന്നകത്താക്കാം;
പാലും പഴവും പോരെങ്കിൽ
ചോറും കറിയും ഞാൻ നൽകാം.

പ്രാവ്—കൊള്ളാം! കുഞ്ഞേ! നീന്നിഷ്ടം
തള്ളാൻപാടില്ലെന്നാലും
ഞാനങ്ങോട്ടേയ്ക്കില്ലിപ്പോൾ;
മാനംനോക്കിപ്പോകുന്നു.

കുട്ടി—അയ്യോ! പ്രാവേ! പോകരുതേ!
പയ്യും ദാഹവുമുണ്ടാമേ!
വേനൽക്കാലത്തുച്ചയ്ക്കോ
മാനംനോക്കിസ്സഞ്ചാരം?

പ്രാവ്—എന്തിനു കുഞ്ഞേ പേടിയെനി-
ക്കീശൻനൽകിയ ചിറകില്ലേ?
വേണുന്നേടം പോകട്ടെ!
കാണുംവസ്തു ഭുജിക്കട്ടെ!

കുട്ടി—ഭ്രാന്തപ്രാവെ! പോകരുതേ;
പക്ഷേ വഴിതെററിപ്പോമെ!
കൂട്ടിന്നാരു നിനക്കുള്ളൂ?
കൂട്ടിൽച്ചെന്നു സുഖിക്കരുതേ?

Digitized By Kerala Sahitya Akademi

പ്രാവ് — ഭ്രാന്തക്കണ്ണേ! സർവേശൻ
പാവങ്ങൾക്കൊരു തുണയില്ലേ?
ആ വൃക്ഷക്കൊമ്പെന്നുടെ വീ-
ട്ടായതിലെത്തുവനരഞൊടിയിൽ.

---

## ൪. നീതിവാക്യം.

പലരോടും നിനയാതെയൊരുകാര്യം തുടങ്ങൊല്ലാ;
പണം മോഹിച്ചൊരുത്തനെച്ചതിച്ചീടൊല്ലാ.

അറിവുള്ള ജനങ്ങളോടെതിർപ്പാനും നിനയ്ക്കൊല്ലാ;
അരചനെക്കെട്ടത്തൊന്നും പറഞ്ഞീടൊല്ലാ.

ഗുരുനാഥന്മാർ ചെയ്യാലെതിർവാക്ക് പറകൊല്ലാ;
ധനം കണ്ടാലഹംഭാവം നടിച്ചീടൊല്ലാ.

വ്യസനമെന്നതിനെ മറ്റൊരുത്തർക്കും വരുത്തൊല്ലാ;
ബുദ്ധിഹീനവചനത്തെപ്പറഞ്ഞീടൊല്ലാ.

കൊടുതായെപ്പൊഴും കോപം കലർന്നൊന്നും പറകൊല്ലാ;
കുരളയും വള്ളതവും പറഞ്ഞീടൊല്ലാ.

വിളഭൂമികൊടുത്തിട്ടാഭരണങ്ങൾ ചമയ്ക്കൊല്ലാ;
വിവേകം കൈവെടിഞ്ഞൊന്നും നടന്നീടൊല്ലാ.

Digitized By Kerala Sahitya Akademi

എളിയവരോടു ചേൎന്നു മദഭാവം തുടങ്ങൊല്ലാ;
ഇരന്നു പൊന്നണിഞ്ഞേററം ഞെളിഞ്ഞീടൊല്ലാ.

മാന്യത്വംകുറഞ്ഞുള്ള ധനലാഭം കൊതിക്കൊല്ലാ;
മാതാവിൻമനംനോകപ്പറഞ്ഞീടൊല്ല.

—

## ൫. പശു.

—

കാൺക തൊഴിത്തിലൊരേടം നമ്മുടെ
കാരിപ്പശുവിത! നിന്നിടുന്നു.
നാക്കിൻതുമ്പാൽ തന്നുടെ കന്നിനെ
നക്കിക്കൊണ്ടിപ്പശു നില്ക്കുന്നു.

തള്ളയ്ക്കേറെറാരു പിള്ള; കിടാവും
തകരാറെറാരു പച്ചപ്പാവം;

കാണുംതോറുമെനിക്കിവരണ്ടും
കണ്ണിന്നുകൌതുകമുളവാക്കുന്നു.
കഞ്ഞികുടിക്കും; കാടി കുടിക്കും;
കൈയിൽ കിട്ടിയതൊക്കെത്തിന്നും;

ചോറും പലഹാരവുമെന്നുള്ളൊരു
ഭേദ്യമിവൎക്കു കിനാവിലുമില്ല,

പകലുംരാവുമെനിക്കു കുടിക്കാൻ
പാലൊരുപടിയിപ്പശു നൽകുന്നു;

Digitized By Kerala Sahitya Akademi

പേർത്തുംഞാനിപ്പശുവിനെയെന്നുടെ
പെററമ്മയ്ക്കു സമം നോക്കുന്നു.
കന്നിനെയെൻെറ സഹോദരമായി-
ക്കരുതിയതൊത്തു കളിച്ചീടുന്നു.
പശുവും കന്നും പലനാളിങ്ങനെ
പരമാനന്ദമെനിക്കു തരട്ടെ!

---

## ൯. അമ്പിളിയമ്മാവൻ.

---

ചോദ്യം—അമ്പിളിയമ്മാവാ! എവിടെ നീ
മുമ്പിൽനിന്നോടിടുന്നു?

ഉത്തരം—രാത്രി മരുമകനേ! നമുക്കുള്ള
യാത്ര മുടക്കിക്കൂടാ!

ചോദ്യം—എന്തിനെന്നമ്മാവാ! വരുന്നു നീ
യന്തിമയങ്ങീടുമ്പോൾ?

ഉത്തരം—പാരിൽ മരുമകനേ! പരപ്പൊരു
കൂരിരുൾ നീക്കിനിർത്താൻ.

ചോദ്യം—ഈവിധമമ്മാവാ! ദിവസവും
പോവതിൽ ക്ഷീണമില്ലേ?

Digitized By Kerala Sahitya Akademi

ഉത്തരം—ഏതും മരുമകനേ! പതിവായാൽ
ചെയ്യുകൊള്ളാമെളുപ്പം.

ചോദ്യം—വാനിലെന്നമ്മാവാ! മയങ്ങാഞ്ഞാൽ
ദീനം പിടിക്കയില്ലേ?

ഉത്തരം—വാനിൽ മരുമകനേ! നടപ്പോർക്കു
ദീനമശേഷമില്ല.

ചോദ്യം—നിന്നെയെന്നമ്മാവാ! പടച്ചതാർ
നിന്നുടെ വാനിനെയും?

ഉത്തരം—നിന്നെ മരുമകനേ! പടച്ചവൻ
നിന്നുടെ ഭൂമിയേയും.

## ൭. ദുർമ്മോഹം.

എലികളായിരമുണ്ടെന്നാലൊരു
പുലിയൊടു കലഹിപ്പാനെളുതാമോ?
കുറുനരിലക്ഷം വന്നാലിന്നൊരു
ചെറുകടുവായെ വധിപ്പാനെളുതോ?
ഉപ്പുചുമന്നു നടക്കുന്നവനൊരു
കപ്പലുകടലിലിറക്കാൻ മോഹം.
അണ്ടികൾ പൊട്ടി നടക്കുന്നവനൊരു
തണ്ടിലിരിക്കാൻ ആഗ്രഹമല്ലോ?

Digitized By Kerala Sahitya Akademi

കുണ്ടുകിണററിൽതവളക്കുഞ്ഞിനു
കുന്നിനുമീതെ പറക്കാൻ മോഹം.

ചൊട്ടച്ചാൺവഴി വട്ടംമാത്രം
കഷ്ടിച്ചുണ്ടുപറക്കുംകോഴികൾ,

ഗരുഡനുപിറകേ ചിറകുവീശി-
ഗ്ഗമനത്തിന്നു കൊതിച്ചീടുന്നു.

ഞാഞ്ഞൂളൊന്നൊരുകൂട്ടം ഭൂമിയി-
ലഞ്ഞൂറായിരമെണ്ണംകൂടി
സ്വരുമിച്ചെങ്കിലനന്തനെടുക്കും
ധരണിയെടുപ്പാനെളുതായ്‌വരുമോ?

---

## ൨ താരാട്ട്

---

അന്തികഴിഞ്ഞല്ലോ കുഞ്ഞേ!—മേലു-
മെന്തിനു നീ കരയുന്നു?

ഭക്ഷണ പണ്ടങ്ങൾ കുഞ്ഞേ!—ബാക്കി-
ലൊക്കെ നിനക്കുള്ളതല്ലോ!

വീടും വകകളും കുഞ്ഞേ!—ഞങ്ങൾ
നേടും മുതലുമശേഷം

അച്ഛൻ വരുമിപ്പോൾ കുഞ്ഞേ!—നിന-
ക്കിച്ഛപോലൊക്കെയും നൽകും.

Digitized By Kerala Sahitya Akademi

വേഗമുറങ്ങിക്കോ കുഞ്ഞേ! — യൊരു
ശോകം നിനക്കിപ്പോളുണ്ടോ?
കണ്ണീർ പൊഴിക്കുവാൻ കുഞ്ഞേ! — കുറെ
ച്ചെന്നീടിലാവശ്യമുണ്ടാം;
അന്നേരം വേണ്ടതു കുഞ്ഞേ! — പാഴി-
ലിന്നേ ചെലവാക്കീടൊല്ലേ!
ദുഃഖംകുറെപ്പോകിൽ കുഞ്ഞേ! — വന്നു
ചിക്കെന്നു ബാധിക്കുമപ്പോൾ
ശൈശവം പിന്നെയും കുഞ്ഞേ! — കിട്ടാൻ
ആശ നിനക്കുളവാകും.
ഈ നല്ലകാലത്തെക്കുഞ്ഞേ! — കര-
ഞ്ഞുനപ്പെടുത്തുന്നതെന്തേ?
ഉമ്മിഞ്ഞി ഞാൻതരാം കുഞ്ഞേ! — കുടി-
ച്ചെന്മണിക്കുട്ടൻ മയങ്ങേ!

---

## ൯. നായ്.

---

നമ്മുടെവീട്ടിൽ കാവൽകിടക്കും
നായൊരു നല്ലമൃഗം;
നമ്മെക്കാണുന്നാളവതുകാട്ടും
നന്ദിമറക്കാമോ?

Digitized By Kerala Sahitya Akademi

വല്പത്തുമൊക്കെക്കൊടുക്കുംപുരുഷനെ
വളരെബ്ബഹുമാനം;
വാലുംപൊക്കിക്കൊണ്ടവനുടെമേൽ
ചന്നിട്ടുടൻ കേറും.

പററെത്താണുനിലത്തുകിടക്കും
പരിചോടെഴുന്നേൽക്കും;
കാലുംകൈയ്യുംകെന്നിയൊട്ടുനക്കും;
കരുണംവിളിക്കൂട്ടും.

നമ്മളുറക്കംകൊണ്ടുകറങ്ങും
നട്ടരാവാംനേരം
നല്ലൊരുവീട്ടിനുദൈവമൊഴിഞ്ഞി
ന്നായേ തുണയുള്ളൂ.

കൂരിരുളായാൽ പരിചാരകരുടെ
കൂക്കുംവിളികേൾക്കാം;
കൂസീടാതെയുറക്കമൊഴിപ്പതു
ഗുണമെഴുമിപ്പാവം

തന്നുടെയജമാനനുവേണ്ടീട്ടിതു
തന്നുയിരും നൽകും;
മരണം വരെയും നന്ദിയെഴുന്നവർ
മററാരിതുപോലെ?

———

Digitized By Kerala Sahitya Akademi

## ൧൦. മാവു്.

—൦O൦—

കമ്പുംകവരവുംതിങ്ങി-
ക്കൊമ്പും കുഴയും ഞെരുങ്ങി,
കാററത്തുകായ്കനിയാടി-
ക്കാണുംപറവകൾ തേടി,
നിൽക്കുന്നമാവിതാകുട്ടി
നീളത്തിൽ വാനത്തുമുട്ടി.
അമ്പോ! സുഖമിതിന്മൂട്ടിൽ
അക്ഷം കളിക്കാം തൻപാട്ടിൽ
എത്രപഴമിതിൻകൊമ്പിൽ
എങ്ങും നിറയുന്നിതൻപിൽ!
നമ്മൾക്കവിടെക്കളിക്കാം;
"നല്ല കാറേ വാ" വിളിക്കാം.
കാററത്തുനാലുവഴിയും
കായും പഴവും തൊഴിയും;
അപ്പോൾപെറുക്കിക്കൊണ്ടെല്ലാം
അമ്മതൻ ചാരത്തു് ചെല്ലാം.

—:o:—

Digitized By Kerala Sahitya Akademi

## ൧൨. അമ്മയുംമകനും.

---

ഉണ്മയിൽച്ചോദിച്ചു മീൻകുഞ്ഞു തള്ളയോ-
"ടമ്മച്ചി ! യെന്തതൊരിച്ചയല്ലേ?
കായുന്ന പുഴു, കടന്നുപിടിച്ചു ഞാൻ
വായിലാക്കാമോ? പറയൂതായേ!"
തള്ളപറഞ്ഞു "ചതിക്കൊല്ലേ! കുട്ടി! നീ
കള്ളത്തരമെന്തു കണ്ടു പാവം!
ചൂണ്ടലിൻമുന്നിലിരിക്കുമിരയത്രേ !
തീണ്ടിയാൽ കാര്യം തുലഞ്ഞുപോമേ!
കാട്ടൊല്ലേതായാട്ടെ"ന്നമ്മ പറഞ്ഞതു
കൂട്ടാക്കിയില്ലൊട്ടും കൊച്ചുകുട്ടി;
കള്ളമോ നേരോ പറഞ്ഞതു തന്നോടു
തള്ളയെന്നൊന്നു പരീക്ഷചെയ്തു.
ചാടിക്കുതിച്ചവൻ ചൂണ്ടലിനു ചുററും
മോടിയിൽ നോക്കി ഞെളിഞ്ഞുനിന്നു.
വാശ്യമാകട്ടെ ! വെട്ടിവലിച്ചെട്ടു-
ത്തീച്ചയെത്തിന്നേ തിരിച്ചുപോകൂ.
ആണല്ലേഞാനെന്നോർത്തായതിൽ പാഞ്ഞപ്പോ-
ളാണിതറച്ചു തൻ മാറിടത്തിൽ.
അയ്യോ ! കടുപ്പം ! കുരുത്തക്കേടിൻഫലം
കയ്യോടെപ്പെട്ടതലനുഭവിച്ചു.

Digitized By Kerala Sahitya Akademi

പൊന്നമ്മേ ! പൊന്നമ്മേ! യെന്നുകരയുന്ന
പൊന്നമ്മയ്ക്കെന്തപ്പോൾക്കാട്ടിടാവൂ?
പിള്ളരേ ! മീൻകുഞ്ഞിൻകാര്യം മറക്കൊല്ലേ!
തള്ളയെത്തള്ളിനടക്കരുതേ!

---

## ൩൨. പൊന്നുതമ്പുരാൻ.

---

വണാടെന്നും വഞ്ചിയെന്നും ശ്രീവാഴുംകോടെന്നും ചൊല്ലു-
ീനാടുഭരിച്ചിടുന്ന പൊന്നുതമ്പുരാൻ;
ാമ്മെയെല്ലാമന്നം തന്നു നാ×ക്കനാൾപ്പുലർത്തീടുന്ന
ുമ്മയ്ക്കുവിളനിലമാം രാജാധിരാജൻ;
ുലതരം പരിഷ്കാരം പഠിച്ചീനാട്ടുള്ളവാക്കി-
ുലകെങ്ങും പേരുകേൾപ്പിച്ചരുളും മന്നൻ;
ാട്ടിൽ ചെറുപള്ളിക്കൂടം നാലുപാടും വയ്പ്പിച്ചു
ാട്ടിനും വെളിച്ചമേകും കാരുണ്യശാലി;
ി. സി. എസ്. ഐ. ജി. സി. ഐ. ഇ. വിരുതുള്ളോൻ
ച്ചീസില്ലാതെ പഠിപ്പിച്ചു പുണ്യം നേടുന്നോൻ;   [കിടാങ്ങളെ
നാമൂഹിക്കും സൽഗുണങ്ങൾ നല്ലപോലെ തികയുന്ന
ശ്രീമൂലം തിരുമേനിക്കു നിത്യമംഗളം!

Digitized By Kerala Sahitya Akademi

॥൩൦

ആയുസ്സെന്നും നീണ്ടിടേണമാരോഗ്യം വളൎന്നിടേണം!
ശ്രേയസ്സുമവിടുത്തേയ്ക്കു തികഞ്ഞിടേണം!
കൊച്ചുതമ്പുരാൻ വാഴ്ക! കൊച്ചുതമ്പുരാട്ടിവാഴ്ക!
മെച്ചമോടെ വഞ്ചിരാജവംശവും വാഴ്ക.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi